# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 726

17-07-2012 - ൽ മറുപടിക്ക്

## കാർഷികോല്പന്നങ്ങൾക്ക് ന്യായ വില

**ചോദ്യം**

ശ്രീ. പുരുഷൻ കടലുണ്ടി
ശ്രീ. എം എ ബേബി
ശ്രീ. കെ.വി. അബ്ദുൾ ഖാദർ
ശ്രീ. പി. ശ്രീരാമകൃഷ്ണൻ

(എ) സംസ്ഥാനത്ത് കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ;

**ഉത്തരം**

ശ്രീ. കെ.പി. മോഹനൻ
കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട കാർഷികോല്പന്നമായ നെല്ലിന് ന്യായമായ വില ലഭ്യമാക്കുന്നതിനായി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന 2005 വർഷം മുതൽ നെല്ലുസംഭരണം നടപ്പിലാക്കി വരുന്നു. സംസ്ഥാന സർക്കാർ നെല്ലിന് പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവിലയായ കിലോയ്ക്ക് 15/- രൂപ നിരക്കിൽ 2012 ഫെബ്രുവരി മാസം മുതൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും സപ്ലൈകോ വഴി നെല്ലുസംഭരണം നടത്തിവരുന്നു. ഈ വർഷം നാളിതുവരെ 5.6 ലക്ഷം ടൺ നെല്ലു സംഭരിച്ചു. നാളികേരത്തിനുണ്ടായിരിക്കുന്ന വിലയിടിവിൽ നിന്നും കർഷകരെ സംരക്ഷിച്ച് ന്യായവില ഉറപ്പാക്കുന്നതിനായി കേന്ദ്രസർക്കാർ പ്രഖ്യാപിക്കുന്ന എം.എസ്.പി. താങ്ങുവിലയനുസരിച്ച് നാഫെഡിന്റെ സ്റ്റേറ്റ് നോഡൽ ഏജൻസികളായ കേരഫെഡ്, മാർക്കറ്റ്ഫെഡ് എന്നിവ മുഖേന കൊപ്രസംഭരണപദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു.

കർഷകർ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ തുടങ്ങിയ ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നതിനായി കൃഷി വകുപ്പിന്റെ കീഴിലുള്ള 6 മൊത്ത വ്യാപാര വിപണികളിൽ കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ നേരിട്ട് കൊണ്ടുവന്ന് ലേലം ചെയ്ത് വിപണനം നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കൂടാതെ വി.എഫ്.പി.സി.കെ, ഹോർട്ടികോർപ്പ് എന്നീ ഏജൻസികൾ സംസ്ഥാനത്തുടനീളമുള്ള കർഷകർ ഉല്പാദിപ്പിക്കുന്ന പഴങ്ങളും പച്ചക്കറികളും

ന്യായവിലക്ക് സംഭരിച്ച് അവരുടെ സ്റ്റാളുകൾ വഴി വിപണനം നടത്തുന്നു.

(ബി) ഇതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് എന്നറിയിക്കാമോ; ഈ പദ്ധതികൾക്ക് ഓരോന്നിനും നീക്കി വെച്ചിട്ടുള്ള തുക എത്രയെന്നറിയിക്കാമോ;

(ബി) നെല്ലിന് ന്യായവില ഉറപ്പാക്കുന്നതിനായി നടപ്പിലാക്കിവരുന്ന നെല്ലു സംഭരണ പദ്ധതി, നാളികേര കർഷകർക്കായുള്ള കൊപ്രസംഭരണ പദ്ധതി, കൃഷി വകുപ്പിന്റെ മൊത്ത വ്യാപാര വിപണികളിലൂടെയുള്ള ലേല നടപടികൾ എന്നിവയെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

സി) കാർഷിക വിപണിയിൽ ഇടപ്പെടുന്നതിന് കേന്ദ്രസർക്കാരിൽ നിന്നും എന്തെങ്കിലും സഹായം 2012 - 13 ൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോ? വിശദമാക്കാമോ?

(സി) നെല്ലിന് ന്യായവില ഉറപ്പാക്കുന്നതിനായി നെല്ലു സംഭരണ പദ്ധതി, സപ്ലൈകോ മുഖാന്തിരം നടപ്പിലാക്കിവരികയാണ്. കേന്ദ്രസർക്കാർ നെല്ലിന് പ്രഖ്യാപിച്ചിട്ടുള്ള കിലോക്ക് 10.80 രൂപ നിരക്കിലുള്ള താങ്ങുവില പ്രകാരം 2011 - 12 രണ്ടാം സീസണിൽ നെല്ലുസംഭരണം കഴിഞ്ഞിരിക്കുകയാണ്. പ്രസ്തുത താങ്ങുവില കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം കുറവായതുകൊണ്ട്
സംസ്ഥാന സർക്കാർ ഒരു ഉയർന്ന സംഭരണ വിലക്കാണ് (കിലോക്ക് 15/ രൂപ) കർഷകരിൽ നിന്നും നെല്ലുസംഭരിക്കുന്നത്. ഇതിൽ കിലോയ്ക്ക് 10.80/ രൂപ കേന്ദ്രസർക്കാരിൽ നിന്നും 4.20 സംസ്ഥാന സർക്കാരിൽ നിന്നും സപ്ലൈകോയ്ക്ക് ലഭിക്കുന്നുണ്ട്. 2011 - 12 വർഷത്തിൽ 5.60 ലക്ഷം ടൺ നെല്ല് സപ്ലൈകോ സംഭരിച്ചിട്ടുണ്ട്. സംഭരിച്ച നെല്ല് അരിയാക്കി പി.ഡി.എസ് വഴി വിതരണം ചെയ്യുന്ന കണക്ക് ലഭിക്കുന്ന മുറയ്ക്ക് കേന്ദ്ര സർക്കാരിന്റെ വിഹിതം സപ്ലൈകോയ്ക്ക് ലഭിക്കുന്നതാണ്.

നാളികേരത്തിനുണ്ടാകുന്ന വിലതകർച്ചയിൽ നിന്നും കർഷകരെ സംരക്ഷിക്കുന്നതിനുതകുന്ന
കൊപ്രസംഭരണ പദ്ധതി നടപ്പിലാക്കുന്നത് കേന്ദ്ര സർക്കാർ അതാതു വർഷം പ്രഖ്യാപിക്കുന്ന താങ്ങുവിലയനുസരിച്ചാണ് (എം.എസ്.പി.). കേന്ദ്രസർക്കാർ 2012 സീസണിലേക്ക് പ്രഖ്യാപിച്ചിട്ടുള്ള ക്വിന്റലിന് 5100 രൂപ (മില്ലിംഗ് കൊപ്രയ്ക്ക്) നിരക്കിലും, 5350 രൂപ (ഉണ്ട കൊപ്രയ്ക്കും) നിരക്കിലും പൊതിച്ച നാളികേരം ക്വിന്റലിന് 1400 രൂപ നിരക്കിലും സംഭരിക്കാൻ 03.02.2012 - ലെ സർക്കാർ ഉത്തരവ് പ്രകാരം തീരുമാനിക്കുകയും അതുപ്രകാരം കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നും നാഫെഡിന്റെ സ്റ്റേറ്റ് നോഡൽ ഏജൻസികളായ മാർക്കറ്റ്ഫെഡ്,

കേര ഫെഡ് എന്നിവ മുഖേന സംഭരണം നടത്തിവരുന്നു. സംഭരണം നടത്തുന്ന മൊത്തം കൊപ്രയും നാഫെഡ് വാങ്ങുകയും താങ്ങുവില പ്രകാരമുള്ള തുക കേന്ദ്ര സർക്കാരിന് വേണ്ടി നാഫെഡ് കേരളത്തിലെ നോഡൽ ഏജൻസികളായ കേരഫെഡിനും മാർക്കറ്റ് ഫെഡിനും നൽകുന്നതാണ്. പൊതുവിപണിയിൽ കൊപ്രയുടെ വില എം.എസ്.പിയ്ക്ക് തുല്യമാകുന്നത് വരെ സംഭരണം നടത്തുന്നതാണ്.

അണ്ടർ സെക്രട്ടറി

## അനുബന്ധം - 1

### നെല്ല് സംഭരണ പദ്ധതി

കേരളത്തിലെ കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ലിന് ന്യായമായ വില ഉറപ്പുവരുത്തുന്നതിനായി നെല്ലു സംഭരണ പദ്ധതി നടപ്പിലാക്കിവരുന്നു. 2005 വർഷം മുതൽ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്ന ഈ പദ്ധതി കേരളത്തിലെ ഏതാനും ജില്ലകളിൽ മാത്രമായി ഒതുങ്ങിയിരുന്നു. എന്നാൽ 2011 നവംബർ മാസം മുതൽ വയനാട് ജില്ലയിലും നെല്ലുസംഭരണം ആരംഭിക്കുകയും തുടർന്ന് 2012 ഫെബ്രുവരി മാസത്തോടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും നെല്ലു സംഭരണം ആരംഭിക്കുകയും ചെയ്തു. കേന്ദ്ര സർക്കാർ 2011 - 12 വർഷത്തേയ്ക്ക് നെല്ലിന് പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവിലയായ കിലോയ്ക്ക്10.80 രൂപ കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം കുറവായതുകൊണ്ട് സംസ്ഥാന സർക്കാർ ഒരു ഉയർന്ന സംഭരണവിലയായ കിലോയ്ക്ക്15 രൂപയ്ക്കാണ് നെല്ല് സംഭരിക്കുന്നത്. നെല്ലു സംഭരിക്കുന്ന സപ്ലൈകോയ്ക്ക് എം.എസ്.പി തുക കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്നു. കേന്ദ്രസർക്കാർ പ്രഖ്യാപിക്കുന്ന താങ്ങുവിലയും സംസ്ഥാന സർക്കാരിന്റെ സംഭരണവിലയും തമ്മിലുള്ള വ്യത്യാസം അതായത് കിലോയ്ക്ക് 4.20 രൂപ സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കുന്നു. സിവിൽ സപ്ലൈസ് കോർപ്പറേഷൻ മേൽവിധത്തിൽ സംഭരിക്കുന്ന നെല്ല് അരിയാക്കി റേഷൻ കടകളിലൂടെ സഹായവിലയ്ക്ക് ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നു. കേന്ദ്ര സംസ്ഥാനസർക്കാരുകളിൽ നിന്നും സംഭരണ വിഹിതം ലഭിക്കുന്ന മുറയ്ക്ക് സപ്ലൈകോ കർഷകരുടെ വ്യക്തിഗത ബാങ്ക് അക്കൗണ്ടുകളിലേക്ക് സംഭരിച്ച നെല്ലിന്റെ വില നൽകി വരുന്നു. 2011 - 12 വർഷത്തിൽ രണ്ടു സീസണുകളിലായി സപ്ലൈകോ മുഖേന സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നുമായി 5.60 ലക്ഷം ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. 2012 - 13 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാർ 75 കോടി രൂപ നാളിതുവരെ സപ്ലൈകോയ്ക്ക് നെല്ല് സംഭരിച്ച ഇനത്തിൽ നൽകിയിട്ടുണ്ട്. ഇത് 2010 - 11 -ലെ കുടിശ്ശിക ഇനത്തിലും 2011 - 12 സംഭരണത്തിന്റെ ആദ്യഗഡുവായിട്ടും നൽകിയിട്ടുള്ളതാണ്. 2011 - 12 ലെ കുടിശ്ശിക തീർക്കുന്നതിനും 2012 - 13 ലെ ഒന്നാം സീസണിലെ സംഭരണത്തിനുമായി സപ്ലൈകോയ്ക്ക് നൽകാനുള്ള 162 കോടി രൂപ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഫലമായി സ.ഉ.നം. 1282/12/എ.ഡി. തീയ്യതി 18.06.2012 പ്രകാരം 20 കോടി രൂപ സപ്ലൈകോയ്ക്ക് നൽകുന്നതിനുള്ള ഉത്തരവായിട്ടുണ്ട്. പ്രസ്തുത തുക സപ്ലൈകോയ്ക്ക് നൽകാനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

സപ്ലൈകോവഴി സംഭരിക്കുന്ന മുഴുവൻ നെല്ലിന്റെയും അളവിന് ആനുപാതികമായ സംഭരണതുക കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും അനുവദിച്ചു കിട്ടുന്നതാണ്. സംഭരിച്ച നെല്ല് അരിയാക്കി പൊതു വിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്ത കണക്ക് ലഭിച്ചതിന് ശേഷമാണ് കേന്ദ്ര സർക്കാർ വിഹിതം ലഭിക്കുന്നത്.

### കൊപ്ര സംഭരണ പദ്ധതി

നാളികേരത്തിനുണ്ടാകുന്ന വിലതകർച്ചയിൽ നിന്നും കർഷകരെ സംരക്ഷിക്കുന്നതിനായി കൊപ്രസംഭരണ പദ്ധതി നടപ്പിലാക്കിവരുന്നു. കേന്ദ്ര സർക്കാർ അതാതു വർഷം പ്രഖ്യാപിക്കുന്ന താങ്ങുവിലയനുസരിച്ച് (എം.എസ്.പി) നാഫെഡിന്റെ സ്റ്റേറ്റ് നോഡൽ ഏജൻസികളായ കേരഫെഡ്, മാർക്കറ്റ് ഫെഡ് എന്നിവ മുഖേനയാണ് കൊപ്രസംഭരണം നടപ്പിലാക്കുന്നത്. കേരളത്തിൽ ഇപ്പോൾ നാളികേരത്തിന്റെ വിപണിവില കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന താങ്ങുവിലയേക്കാൾ താഴ്ന്നിരിക്കുന്ന സാഹചര്യത്തിലാണ് കൊപ്ര സംഭരണം ആരംഭിച്ചിരിക്കുന്നത് 2012 സീസണിലേയ്ക്ക് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില മില്ലിംഗ്കൊപ്രായ്ക്ക് ക്വിന്റലിന് 5100 രൂപയും ഉണ്ടകൊപ്രയ്ക്ക് 5350 രൂപയും പൊതിച്ച നാളികേരം ക്വിന്റലിന് 1400 രൂപയുമാണ്. ഇതുപ്രകാരം മാർക്കറ്റ് ഫെഡ് മുഖേന 07.07.2012 വരെ 1913.775 ടൺ കൊപ്ര സംഭരിച്ചിട്ടുണ്ട്. കേരഫെഡ് മുഖേന 07.07.2012 വരെ 2660.12 ടൺ മില്ലിംഗ്കൊപ്രയും, 1.95 ടൺ ഉണ്ടകൊപ്രയും സംഭരിച്ചിട്ടുണ്ട്. കൊപ്ര സംഭരണ പദ്ധതിയ്ക്കായി പ്രത്യേകം തുക നീക്കിവച്ചിട്ടില്ല. കേരഫെഡ്, മാർക്കറ്റ് ഫെഡ് എന്നിവ മുഖേന സംഭരിക്കുന്ന മുഴുവൻ കൊപ്രയ്ക്കും ആനുപാതികമായ എം..എസ്.പി. തുക കേന്ദ്ര സർക്കാരിൽ നിന്നും നാഫെഡിന് നൽകുന്നതാണ്.

## കൃഷിവകുപ്പിന്റെ മൊത്ത വ്യാപാര വിപണികളിലൂടെയുള്ള ലേല നടപടികൾ

കൃഷി വകുപ്പിന്റെ കീഴിലുള്ള 6 മൊത്ത വ്യാപാര വിപണികളിൽ കർഷകർ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറി തുടങ്ങിയ കാർഷികോല്പന്നങ്ങൾ നേരിട്ട് കൊണ്ടുവന്ന് ലേലം നടത്തി വിപണനം ചെയ്യുന്നു. ഓരോ ഉല്പന്നങ്ങളേയും തരംതിരിച്ച് ഗുണനിലവാരത്തിനനുസൃതമായി അടിസ്ഥാന വില നിശ്ചയിച്ചിട്ടാണ് ലേലം ചെയ്യുന്നത്. കർഷകർക്ക് ന്യായമായ വിധത്തിൽ നിശ്ചയിക്കുന്ന ഈ അടിസ്ഥാന വില ലേലത്തിൽ താഴ്ന്നുപോകാതിരിക്കുവാൻ സർക്കാർ, സ്ഥാപനമായ ഹോർട്ടികോർപ്പ് എല്ലാ ലേലത്തിലും പങ്കെടുക്കുന്നു. അങ്ങനെ മൊത്ത വ്യാപാര വിപണികൾ കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പവരുത്തുന്ന കേന്ദ്രങ്ങളായി മാറിയിട്ടുണ്ട്. പ്രസ്തുത 6 വിപണികൾ മുഖേന നാളിതുവരെ 5.50 കോടി രൂപ വിലമതിക്കുന്ന 6706 ടൺ കാർഷികോല്പന്നങ്ങൾ ലേലം നടത്തുകയുണ്ടായി.

ഹോർട്ടികോർപ്പ് മുഖേന സംസ്ഥാനത്തുടനീളമുള്ള കർഷകരിൽ നിന്നും നേരിട്ട് കാർഷികോല്പന്നങ്ങൾ സംഭരിച്ച് റീട്ടെയിൽ സ്റ്റാളുകൾ വഴി വിപണനം നടത്തുന്ന വി.എഫ്.പി.സി.കെ. കാർഷിക മൊത്ത വ്യാപാര വിപണികൾ എന്നിവിടങ്ങളിൽ നിന്നും ഹോർട്ടികോർപ്പ് ഉല്പന്നങ്ങൾ സംഭരിക്കുന്നുണ്ട്. വി.എഫ്.പി.സി.കെ.യും അവരുടെ സ്വാശ്രയ വിപണികളിലൂടെ കർഷകരിൽ നിന്നും ന്യായവിലയ്ക്ക് കാർഷികോല്പന്നങ്ങൾ സംഭരിച്ച് അവരുടെ വില്പന ശാലകളിലൂടെ വിപണനം നടത്തുന്നു.

അണ്ടർ സെക്രട്ടറി